ങ്ങളും കമ്പനികളും നൽകുന്ന ലോണിന് ഗവൺമെന്റ് ഗ്യാരന്റി, നിലയ്ക്കുക, മൂന്ന്, തൊഴിലാളികളും മാനേജ്മെന്റും തമ്മിൽ നിലവിലുള്ള ദീർഘകാല ഒത്തുതീർപ്പു കരാർ മൂന്നു വർഷത്തേക്കു കൂടി നീട്ടുക. വിൽപ്പനനികുതി പർച്ചേസ് ടാക്സ്, ഇലക്ട്രിസിറ്റി ഡ്യൂട്ടി മുതലായവ അടയ്ക്കുന്നതിനുള്ള കാലാവധി രണ്ടുവർഷത്തിനുള്ളിൽനിന്നും അഞ്ചുവർഷമായി നീട്ടുക തുടങ്ങിയവയാണ് അവ. തൊഴിലാളികൾ ഇത് അംഗീകരിക്കാം എന്നു സമ്മതിച്ചു. ഗവൺമെന്റും ഇതു സംബന്ധിച്ച അംഗീകാരം നൽകി. അതിനെത്തുടർന്ന് 480 ലക്ഷം രൂപയുടെ ലറ്റർ ഓഫ് ഇൻഡന്റ് നൽകിയിട്ടുണ്ട്. 720 ലക്ഷം രൂപയുടെ ലറ്റർ ഓഫ് ഇൻഡന്റ് നൽകാനായി തീരുമാനമെടുത്തു. അത് ബാങ്കുകൾക്ക് അയയ്ക്കാനുള്ള നിർദ്ദേശം റിസർവ്വ് ബാങ്കിന് ഈ മാസം 20-ാം തീയതി കൊടുത്തു കഴിഞ്ഞതായി അറിയിച്ചിട്ടുണ്ട്. ഇനി ഇതിൽ ഉള്ള മറ്റൊരു നിബന്ധന പ്രൊഫഷണൽ എം. ഡിയേയും പ്രൊഫഷണൽ ആയിട്ടുള്ള മറ്റ് ആളുകളേയും നിയമിക്കുകയെന്നതാണ്. അതിന് ഇന്നുള്ള മാനേജ്മെന്റ് എഗ്രി ചെയ്യണം. മാനേജ്മെന്റിനോട് അത് ആവശ്യപ്പെട്ടിട്ടുണ്ട്. ഏപ്രിൽ മാസം മൂന്നാം തീയതി അവർ യോഗം വിളിച്ചു കൂട്ടിയിട്ടുണ്ട്. ആ യോഗത്തിൽവച്ച് ഇപ്പോഴുള്ള മാനേജിംഗ് ഡയറക്ടർ സ്ഥാനമൊഴിഞ്ഞ്, പ്രൊഫഷണലായി കപ്പാസിറ്റി ഡെവലപ്പ് ചെയ്തിട്ടുള്ള മാനേജ്മെന്റിനെ ഐ.ഡി.ബി.ഐയുമായി ആലോചിച്ച് നിയമിക്കുന്ന കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ ഈ കാര്യത്തിൽ ഗവൺമെന്റ് നൽകിയിട്ടുള്ള ഉറപ്പുകൾ പാലിക്കുകയും തുടർന്ന് നടത്തുകയും ചെയ്യും. ഗവൺമെന്റ് അതിന് ആകുന്നത്ര വേഗത്തിൽ ശ്രമിച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യസ്ഥാപനങ്ങളുടേയും ബാങ്കുകളുടേയും അംഗീകാരവും കേന്ദ്ര സമ്മതവും ആവശ്യമായതുകൊണ്ട് വന്ന താമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. പുതിയ മാനേജിംഗ് ഡയറക്ടറെ നിയമിച്ചുകൊണ്ട് നടപടികൾ നടത്താൻ ഗവൺമെന്റ് സന്നദ്ധമാണ്. ഐ.ഡി.ബി.ഐ. പറഞ്ഞ മിക്ക ഉപാധികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് അതു തീരുമാനിച്ചു കഴിഞ്ഞാൽ കഴിവതും വേഗം, ഒന്നു രണ്ടു മാസത്തിനകം തന്നെ, ഈ ഫാക്ടറി തുറന്നു പ്രവർത്തിക്കാനാവശ്യമായ നടപടിയെടുക്കുന്നതാണ്.

ശ്രീ പി.പി. തങ്കച്ചൻ: സർ, ഏപ്രിൽ മാസം മൂന്നാം തീയതിയിലെ ഡയക്ടർ ബോർഡ് യോഗത്തിൽ നിർബന്ധമായും ഗവൺമെന്റിന്റെ ഡയറക്ടർമാരേയും കൂടി പറഞ്ഞുവിടാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. ഇതിനുമുൻപ് സാധാരണയായി അവർ പോകാറില്ല. ഇതൊരു പ്രധാനപ്പെട്ട യോഗം ആയതുകൊണ്ടും സുപ്രധാനമായ തീരുമാനം എടുക്കേണ്ടതായതുകൊണ്ടും നിർബന്ധമായും ഗവർമെന്റിന്റെ രണ്ടു ഡയറക്ടർമാരേയും പറഞ്ഞുവിടാൻ നടപടി സ്വീകരിക്കണം.

ശ്രീ. ഇ. അഹമ്മദ്: ഗവൺമെന്റ് തന്നെ ആവശ്യപ്പെട്ടതിന്റെ ഫലമാണ് ഈ മൂന്നാം തീയതി വിളിച്ചു കൂട്ടുന്ന യോഗം

III സബ്മിഷൻ

(1) തിരുവനന്തപുരം ജില്ലയിലെ വൈദ്യുതി വോൾട്ടേജ് ക്ഷാമം

ശ്രീ. എം. എം. ഹസ്സൻ: സർ, വിദ്യുച്ഛക്തി ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒന്നു രണ്ടുകാര്യങ്ങളുള്ളതിൽ സ്ലാബ് സമ്പ്രദായം പരിഷ്ക്കരിക്കാൻ തീരുമാനിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഒരു നോമിനൽ ഫീസ് മാത്രം ഈടാക്കിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്താക്കളുടെ ബുദ്ധിമുട്ടൊഴിവാക്കുന്നു. വോൾട്ടേജ് ക്ഷാമം ജില്ലയിലെ ജലവിതരണത്തെ കുഴയ്ക്കുന്നു. മാർച്ച് 19-ാം തീയതിയിലെ കേരള കൗമുദിയിൽ വന്ന വാർത്തയാണ്. നഗരത്തിൽ വെള്ളം പമ്പുചെയ്യാനുള്ള നാലു സ്റ്റേഷനുകളിൽ രണ്ടെണ്ണം മാത്രമേ വോൾട്ടേജ് ക്ഷാമം മൂലം ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. ജലവിതരണത്തിന് സ്വാരമായ തകരാറുണ്ടെന്നു മാത്രമല്ല എന്റെ നിയോജക മണ്ഡലത്തിൽ പ്രത്യേകിച്ച് ഏഴുമണി കഴിഞ്ഞാൽ പിന്നെ ഒൻപതുമണിക്കുശേഷമേ ബൾബുകൾ കത്തുകയുള്ളു. തിരുവനന്തപുരം നഗരത്തിൽ അങ്ങയ്ക്കു തന്നെ ടി. വി. യിൽ വാർത്ത കാണാൻ കഴിയുന്നില്ലല്ലോ. അത്തരത്തിൽ വോൾട്ടേജ് പോയിക്കൊണ്ടിരിക്കുകയാണ്. ഇടയ്ക്കിടയ്ക്ക് കറൻറു പോകുന്നു കറണ്ട് പോയിരിക്കുന്നതായി പരാതിപ്പെട്ടാൽ അതിനു പെട്ടെന്നു പരിഹാരമുണ്ടാകുന്നില്ല. ഇടയ്ക്കിടയ്ക്കു കറൻറു പോകുന്ന സംഭവം നിറുത്തലാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കണം.

വെളിച്ചവിപ്ലവത്തിന്റെ ആവേശം ആളുകൾക്കു കിട്ടണമെങ്കിൽ വോൾട്ടേജ് ക്ഷാമവും ഇടയ്ക്കിടയ്ക്കു കറൻറു പോകുന്നതും പരിഹരിച്ചാലേ സാധിക്കൂ. അതിനുള്ള നടപടികളിൽ സ്വീകരിക്കണമെന്നു ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി : (ശ്രീ. കെ. എം. മാണി) വെളിച്ചെണ്ണ വിപ്ലവപരിപാടിയുടെ ഭാഗമാണ് വോൾട്ടേജ് ഇംപ്രൂവ്മെൻറ് വോൾട്ടേജ് ഇംപ്രൂവ്മെൻറിനെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരം നഗരത്തിൽ വോൾട്ടേജ് ഇംപ്രൂവ് ചെയ്യുന്നതിനുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി ഒരു സ്കീം ഗവൺമെൻറ് ഏറ്റെടുക്കുകയാണ്. പുതുതായി ട്രാൻസ്മിഷൻ ലൈനുകൾ നിർമ്മിക്കുക, സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക, 11 കെ. വി. എൽ. ടി. ലൈനുകൾ നീട്ടുക, കപ്പാസിറ്ററുകൾ സ്ഥാപിക്കുക എന്നിവ പ്ലാൻ സ്കീം പ്രകാരം ലോകബാങ്ക് കാനേഡിയൻ സഹായം എന്നിവയോടുകൂടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ മാസ്റ്റർ പ്ലാൻ ജോലി തയ്യാറാക്കാനും ഉടൻ തീരുമാനിച്ചിരിക്കുകയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊണ്ട് തിരുവനന്തപുരത്തിനേയും കേരളത്തിലാകെത്തന്നെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് ഗവൺമെൻറ് ആത്മാർത്ഥമായി വിശ്വസിക്കുകയാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മുൻഗണന കൊടുക്കാനും ഗവൺമെൻറ് തീരുമാനമെടുത്തിട്ടുണ്ട്.

(2) ഏറ്റുമാനൂർ ബസ്സ്റ്റേഷന്റെ ശോചനീയാവസ്ഥ

ശ്രീ. ഇ. ജെ. ലൂക്കോസ് : സർ, ഏറ്റുമാനൂർ ബസ്സ്റ്റേഷന്റെ അപാകതകൾ പരിഹരിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിതന്നെ ഉദ്ഘാടനം ചെയ്ത ഒരു ബസ്റ്റേഷനാണ് ഇത്. അവിടെ ശിലയിൽ ബസ്സ്റ്റേഷൻ എന്നാണ് എഴുതിയിരിക്കുന്നത് എങ്കിലും സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസായിട്ടാണ് പ്രവർത്തിക്കുന്നത്. ബസ്സ്റ്റേഷനിലേക്ക് പ്രവേശിക്കുവാനുള്ള റോഡുകൾ, വേ ഇൻ, വേ ഔട്ടും സ്റ്റേഷൻ പരിസരവും മെറ്റൽ ചെയ്തു ടാർ ചെയ്തു സംരക്ഷിച്ചാൽ ഉദ്ദേശം രണ്ടായിരത്തോളം ബസ്സുകൾ കയറിയിറങ്ങി യാത്രക്കാർ സുരക്ഷിതരായി യാത്ര ചെയ്യും. ഇന്ന് എം. സി. റോഡിലും സ്റ്റേഷൻ പരിസരത്തുമായി യാത്രക്കാർ നെട്ടോട്ടമോടുകയാണ്. പണ്ട് ഏറ്റുമാനൂർ കവലയിലെ പൂവരശിന്റെ

LIBRARY ARCHIVES Kerala Legislative Assembly